ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28.06.2025**

## പ്രധാനവാർത്തകൾ

1. ചെല്ലാനത്തെ മത്സ്യതൊഴിലാളികൾക്കുള്ള സഹായ പദ്ധതികളുടെ വിതരണം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവഹിച്ചു.

2. കിടപ്പു രോഗികളായ എല്ലാവർക്കും പരിചരണം ഉറപ്പാക്കാൻ നിർണ്ണായക ചുവടുവെയ്പ്പുമായി കേരളം; സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

3. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ നടത്തുന്ന സൂംബ ഡാൻസിനെതിരെ ചില കേന്ദ്രങ്ങളിൽ നിന്ന് ഉയരുന്ന എതിർപ്പ് സമൂഹത്തിൽ വിഭാഗീയതക്ക് കാരണമാകുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. സംസ്ഥാനത്ത് ഇന്നും മഴ തുടരും; അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യത

5. മുല്ലപ്പെരിയാറിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ പെരിയാറിൻറെ തീരത്ത് താമസിക്കുന്ന 3,000-ത്തിലധികം പേരെ മാറ്റി പാർപ്പിക്കാൻ നടപടി തുടങ്ങി.

6. ഇന്ത്യാ-ഇംഗ്ലണ്ട് വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.

*******************************************************************************

RNU TVPM

## ജോർജ്ജ് കുര്യൻ

ചെല്ലാനത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഇലക്ട്രിക്ക് ഓട്ടോ ഫിഷ് വെൻഡിംഗ് കിയോസ്ക് വിതരണം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായുള്ള പദ്ധതിയാണിത്. ചെല്ലാനം മത്സ്യഗ്രാമത്തിൽ 5.7 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്.

******************

## സഹമന്ത്രി പബിത്ര മാർഗരീറ്റ

RNU/PM

ഭാഷാ, സംസ്കാരം, ജീവിത രീതി എന്നിവയിൽ വൈവിധ്യമുണ്ടെങ്കിലും നമുക്കുള്ളിലെ സമത്വഭാവമാണ് രാജ്യത്തിന്റെ കരുത്തെന്ന് കേന്ദ്രസഹമന്ത്രി പബിത്ര മാർഗരിറ്റ പറഞ്ഞു. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത്, പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ടാലന്റ് ഹണ്ട് സീസൺ 5 മത്സരങ്ങളുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മൻകി ബാത്ത് പ്രധാനമന്ത്രിയുടെ മനസ്സിലെ ആശയങ്ങൾ മാത്രമല്ല 140 കോടി ജനതയുടെ അഭിലാഷം കൂടിയാണെന്ന് ചടങ്ങിൽ പങ്കെടുത്ത മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ പറഞ്ഞു.

******************

## എൽ മുരുഗൻ

അഖില കേരള ധീവര സഭയുടെ പരിപാടിയിൽ പങ്കെടുക്കാൻ കേന്ദ്രസഹമന്ത്രി എൽ മുരുഗൻ കൊച്ചിയിലെത്തി. 19-ാം ധീവര ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാന സമ്മേളനം കേന്ദ്ര മന്ത്രി ഉദ്ഘാടനം ചെയ്യും.

******************

## കേരള കെയർ

കിടപ്പുരോഗികളായ എല്ലാവർക്കും പരിചരണം ഉറപ്പാക്കുന്നതിന് നിർണായക ചുവടുവയ്പ്പുമായി കേരള സർക്കാർ. സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. വൈകുന്നേരം നാലിന് എറണാകുളം കളമശ്ശേരി രാജഗിരി സ്കൂളിലാണ് ചടങ്ങ്. മന്ത്രിമാരായ വീണാ ജോർജ്, പി രാജീവ്, എം ബി രാജേഷ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവരും പങ്കെടുക്കും. സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.

RNU TVPM

******************

## മുഖ്യമന്ത്രി - ലുലു ഐടി

കൊച്ചി കാക്കനാട് സ്മാർട്ട് സിറ്റിയിൽ ലുലു ഐടി ട്വിൻ ടവർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരമേറിയതും കേരളത്തിലെ ഏറ്റവും വലിതുമായ ഐടി സമുച്ചയമാണ് ഒരുക്കിയിരിക്കുന്നത്. 30,000-ത്തോളം പേർക്ക് തൊഴിൽ നൽകാൻ അവസരമുണ്ട്. ഉദ്ഘാടന ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ

രാജീവ് ചന്ദ്രശേഖർ, ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫ് അലി തുടങ്ങിയവർ പങ്കെടുത്തു.

******************

## സൂംബ- മന്ത്രി വി. ശിവൻകുട്ടി (ഇൻട്രോ)

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ നടത്തുന്ന സൂംബ ഡാൻസിനെതിരെ ചില കേന്ദ്രങ്ങളിൽ നിന്ന് ഉയരുന്ന എതിർപ്പ് സമൂഹത്തിൽ വിഭാഗീയതക്ക് കാരണമാകുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഇക്കാര്യത്തിൽ തെറ്റിദ്ധാരണകൾ നീക്കൻ സർക്കാർ ചർച്ചക്ക് തയ്യാറാണെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

******************

## പ്ലസ് വൺ അഡ്മിഷൻ

പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നു മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഒഴിവും മറ്റു വിവരങ്ങൾ വെബ്സൈറ്റിലൂടെ അറിയാം. മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെയും അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ അപേക്ഷ നൽകാം.

******************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്

RNU TVPM

പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

******************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാം പതിപ്പാണിത്.

******************

## മഴ

മധ്യകേരളത്തിലും വടക്കൻ കേരളത്തിലും വരുന്ന അഞ്ച് ദിവസം മഴ ശക്തമായി തുടരും. തെക്കൻ കേരളത്തിലും സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കാപ്പിൽ മുതൽ പൊഴിയൂർ വരെ ഇന്ന് പകൽ 11.30 മുതൽ രാത്രി 11.30 വരെയും കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഉച്ചക്ക് ശേഷവും കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണം.

******************

## ഇടുക്കി - മഴ (ഇൻട്രോ)

PNU TVPM

ഇടുക്കിയിൽ വീണ്ടും മഴ ശക്തമായി. മുല്ലപ്പെരിയാറിൽ ജലനിരപ്പ് ഉയരുന്നു. ജലനിരപ്പ് 135.75 അടിയിലെത്തി. റൂൾ കർവ് ലെവലായ 136 അടിയിലെത്തിയാൽ വെള്ളം പുറത്തേക്ക് ഒഴുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

*****************

## പീച്ചി ഡാം

പീച്ചി ഡാമിന്റെ ഷട്ടറുകൾ ഇന്ന് തുറക്കും. രാവിലെ 11 മണിക്ക് തുറക്കാനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ ഉച്ചയ്ക്ക് രണ്ടു മണിക്ക് ഡാം തുറക്കുമെന്നാണ് പുതിയ അറിയിപ്പ്.

*****************

## വയനാട് (ഇൻട്രോ)

വയനാട്ടിൽ കഴിഞ്ഞ നാല് ദിവസമായി പെയ്ത മഴയ്ക്ക് ശമനം. **വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...**

(വോയിസ്)

*****************

## കാൻസർ കോൺക്ലേവ്

കേരള കാൻസർ കോൺക്ലേവ് 2025 ന് തിരുവനന്തപുരത്ത് തുടക്കമായി. സ്പീക്കർ എ. എൻ. ഷംസീർ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. ഇന്ത്യക്ക് അകത്തും പുറത്തും

RNU TVPM

നിന്നുമായി ഇരുനൂറിലധികം അർബുദ രോഗ ചികിത്സാ വിദഗ്ദ്ധർ രണ്ടുദിവസത്തെ കോൺക്ലേവിൽ പങ്കെടുക്കുന്നു.

*****************

## ആശ്വാസം പദ്ധതി

സ്വയംതൊഴിൽ വായ്പക്ക് ഈടു നൽകാൻ വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് സൂക്ഷ്മ ചെറുകിട സ്വയംതൊഴിൽ ആരംഭിക്കാൻ ധനസഹായം നൽകുമെന്ന് മന്ത്രി ആർ ബിന്ദു. ആശ്വാസം പദ്ധതിപ്രകാരം 25000 രൂപ വീതമാണ് ധനസഹായം. പതിനെട്ടു വയസ്സ് പൂർത്തിയായ നാൽപ്പത് ശതമാനമോ കൂടുതലോ ഭിന്നശേഷിക്കാരായവർക്കാണ് വായ്പ നൽകുന്നത്. ജൂലൈ 31 വരെ അപേക്ഷ സ്വീകരിക്കും.

*****************

## കാർഗിൽ അനുസ്മരണം

1999-ലെ കാർഗിൽയുദ്ധത്തിൽ പാകിസ്ഥാൻ സൈന്യത്തിനെതിരെ ഇന്ത്യ നേടിയ വിജയത്തെ അടയാളപ്പെടുത്തുന്ന കാർഗിൽ വിജയ് ദിവസിന്റെ 26-ാം വാർഷികത്തിന് മുന്നോടിയായി ഇന്ത്യൻ സൈന്യം അനുസ്മരണ പരിപാടികൾ ആരംഭിച്ചു. കാർഗിലിൽ ജീവത്യാഗംചെയ്ത 545 സൈനികരുടെ കുടുംബങ്ങളിൽ ഇന്ത്യൻ സൈന്യം സന്ദർശനം നടത്തും. വീരമൃത്യുവരിച്ച മലയാളി ജവാൻ തിരുവനന്തപുരം വഴുതക്കാട് സ്വദേശി M.O ഷിജുകുമാറിന്റെ വസതിയിൽ നായിബ് സുബേദാർ കിംഗ് സിലിൻ നയിക്കുന്ന അഞ്ചംഗസംഘം സന്ദർശിച്ചു.

*****************

RNU TVPM

## വനിതാ ക്രിക്കറ്റ്

വനിത ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. നോട്ടിങ്ഹാമിലെ ടെന്റ് ബ്രിഡ്ജിൽ ഇന്ത്യൻസമയം രാത്രി ഏഴുമുതലാണ് മത്സരം. അഞ്ചു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

******************

## കണ്ണൂർ - വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പ്

കണ്ണൂർ ജവർ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ രാവിലെ നടന്ന ആദ്യ മത്സരത്തിൽ ഏകപക്ഷീയമായ മൂന്നു ഗോളുകൾക്ക് മലപ്പുറം കൊല്ലത്തെ പരാജയപ്പെടുത്തി. കണ്ണൂർ - വയനാട് മത്സരത്തിൽ എകപക്ഷീയമായ 8 ഗോളുകൾക് കണ്ണൂർ വയനാടിനെ തോൽപിച്ചു.

RNU TVPM

******************

## മുതലപ്പൊഴി

മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞ് അപകടം. അഴിമുഖത്ത് വള്ളം തലകീഴായി മറിഞ്ഞു. വള്ളത്തിലുണ്ടായിരുന്ന മൂന്നു പേരെയും രക്ഷപ്പെടുത്തി. മീൻപിടുത്തം കഴിഞ്ഞ് വന്നവരാണ് അപകടത്തിൽപെട്ടത്..

******************

## കോഴിക്കോട് കാട്ടാന

കോഴിക്കോട് തിരുവമ്പാടി പഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെട്ട മേലെ പൊന്നാങ്കയം ഭാഗത്തെ ജനവാസ മേഖലയിൽ

കഴിഞ്ഞ ദിവസം കട്ടാനയിറങ്ങി. വനം വകുപ്പിന്റെ RRT സംഘം സ്ഥലത്തെത്തി തുരത്തി. കൃഷി നാശവും പ്രദേശത്തുണ്ട്.

*****************

## കാട്ടാന കിണറിൽ- പെരുമ്പാവൂർ

കോതമംഗലം കോട്ടപ്പടി മുട്ടത്തുപാറയിൽ പുരയിടത്തിലെ കിണറിൽ വീണ കാട്ടാന പരസഹായമില്ലാതെ രക്ഷപ്പെട്ട് കാട്ടിലേക്ക് മടങ്ങി. കൂട്ടമായെത്തിയ ആനകളിലൊന്നാണ് കിണറിൽ വീണത്.

*****************

## സ്വർണ വില

സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 55 രൂപ കുറഞ്ഞ് 8,930 രൂപയും, പവന് 440 രൂപ താഴ്ന്നു 71,440 രൂപ യുമാണ് ഇന്നത്തെ വില.

RNU TVPM

*****************

## ജല നികുതി

കാർഷിക ആവശ്യങ്ങൾക്കുള്ള ജല ഉപയോഗത്തിന് നികുതി ചുമത്താൻ പദ്ധതിയിടുന്നുവെന്ന വാർത്ത അടിസ്ഥാനരഹിതവും വ്യാജവുമാണെന്ന് ജലശക്തി മന്ത്രാലയം വ്യക്തമാക്കി. കർഷക സമൂഹത്തിൽ പരിഭ്രാന്തിയും ആശയക്കുഴപ്പവും സൃഷ്ടിച്ചേക്കാവുന്ന ഇത്തരം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് വസ്തുതകൾ പരിശോധിക്കാൻ മാധ്യമങ്ങൾ തയ്യാറാവണമെന്നും മന്ത്രാലയം നിർദേശിച്ചു.

*****************

## കോഴിക്കോട് ഷോറൂം-തീപിടുത്തം

കോഴിക്കോട് മാവൂർ  ഇരു ചക്ര വാഹന ഷോറൂമിൽ തീപ്പിടിത്തം. പുലർച്ചെയാണ് സംഭവം മുക്കം അഗ്നിരക്ഷാ സേനയുടെ 2 യൂണിറ്റ് സ്ഥലത്തെത്തി തീ പൂർണമായും അണച്ചു.

******************

## ഗുണ്ടാ ആക്രമണം

തൃശൂർ നെല്ലങ്കരയിൽ പോലീസിനെ ഗുണ്ടകൾ ആക്രമിച്ചു. മൂന്ന് പോലീസ് ജീപ്പുകൾ തകർത്തു. കൊലക്കേസ് പ്രതി ഉൾപ്പെടെ ആറുപേർ അറസ്റ്റിലായി.

******************

## ബാഡ്ജ് ഓഫ് ഓണർ

പോലീസിലെ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്കുള്ള ബാഡ്ജ് ഓഫ് ഓണറും കമൻറേഷൻ ഡിസ്ക്കും സംസ്ഥാന പോലീസ് മേധാവി ഇന്ന് വിതരണം ചെയ്യും. വൈകിട്ട് തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ്. 164 പേർക്കാണ് ബാഡ്ജ് ഓഫ് ഓണർ നൽകുന്നത്.

******************

## കൊട്ടിയൂർ വൈശാഖോത്സവം

കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ചതുശ്ശതങ്ങളിൽ മൂന്നാമത്തേതായ ആയില്യം ചതുശ്ശതം ഇന്ന് നിവേദിക്കും. . ജൂലായ് നാലിന് തൃക്കലശാട്ടോടെ ഈ വർഷത്തെ വൈശാഖോത്സവം സമാപിക്കും.

RNU TVPM

*

********

***************************

RNU TVPM